പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 89 26.09.2011 ൽ മറുപടിക്ക്

പരസ്യ പ്രസിദ്ധീകരണം സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിക്കപ്പെട്ട നൂറുദിന കർമ്മപരിപാടിയുടെ പ്രചരണാർത്ഥം വിവിധ മാധ്യമങ്ങളിൽ എത്ര പരസ്യങ്ങളാണ് പ്രസിദ്ധപ്പെടുത്തിയത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിക്കപ്പെട്ട നൂറുദിന കർമ്മപരിപാടിയുടെ പ്രചരണാർത്ഥം വിവിധ മാധ്യമങ്ങളിലായി 57 പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പരസ്യങ്ങൾക്കായി സർക്കാർ ചെലവഴിച്ച തുക എത്രയാണ് ; | (ബി) | പ്രസ്തുത പരസ്യങ്ങൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല ; അതാത് മാധ്യമങ്ങളിൽ നിന്നും ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| (സി) പ്രസ്തുത പരസ്യങ്ങളിൽ എത്രയെണ്ണത്തിൽ മുഖ്യമന്ത്രിയുടെ ചിത്രം ഉണ്ട് ; | (സി) | എല്ലാ പരസ്യങ്ങളിലും മുഖ്യമന്ത്രിയുടെ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. |
| (ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ചതോ പൂർത്തിയാക്കിയതോ ആയ ഏതെങ്കിലും പദ്ധതികളുടെ ആവർത്തിച്ചുള്ള പരസ്യം ഈ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ